# ഇന്ത്യയുടെ ആധുനികവല്ക്കരണത്തിൽ സാഹിത്യകാരന്റെ പങ്ക്

ഡോ. കെ. ഭാസ്കരൻനായർ

അതിപ്രാചീനകാലംമുതല്ക്കുതന്നെ ലോകമാകെ അറിയപ്പെട്ടുപോരുന്ന ഒരു രാജ്യമാണ് ഇന്ത്യ. അതിന്നു് അയ്യായിരം വർഷത്തെ അനുസ്യൂതമായ ചരിത്രമുണ്ടെന്നു പറയപ്പെടുന്നു. ദീർഘമായ ഈ ചരിത്രത്തിന്റെ വിശദവിവരങ്ങൾ ലഭിച്ചിട്ടില്ലെങ്കിലും അതിൽ സജീവമായ പിൻതുടർച്ചയുണ്ടെന്നുള്ളതു നിസ്തർക്കമായ വസ്തുതയാണ്. അതായതു്, അൻപതു നൂററാണ്ടുകൾക്കുമുമ്പു് ഈ ഉപഭൂഖണ്ഡത്തെ അധിവസിച്ചിരുന്ന ജനങ്ങളുടെ സന്താനപരമ്പരകളാണ് ഇന്നും ഇവിടെ ധാരാളമായി കാണപ്പെടുന്നതു് എന്നു ചുരുക്കം. അവർ അന്നത്തെപ്പോലെതന്നെ ഇന്നും ഈ മണ്ണിൽ ജീവിക്കുന്നു എന്നല്ല വിവക്ഷ. അവരുടെ ജീവിതത്തിന്നും സംസ്കാരത്തിന്നും വൻപിച്ച മാററങ്ങൾ ഉണ്ടായിട്ടുണ്ട്. അവർ തുടരെത്തുടരെയുള്ള എത്രയോ വിദേശീയാക്രമണങ്ങൾക്കു വിധേയരായിട്ടുണ്ട്. അന്യരാജ്യക്കാരായ ജനങ്ങൾ ധാരാളമായി ഇവിടെ കുടിയേറിയിട്ടുണ്ട്. എന്നാലും ജന്തുസന്താനബന്ധത്തിലൂടെ തുടൻപോകുന്ന ആ പ്രാചീനപാരമ്പര്യത്തിന്നു ഭംഗം സംഭവിച്ചിട്ടില്ല.

സത്യമാലോചിച്ചാൽ ഈ ഭുവനഗോളവും അതിലുള്ള വിഭവങ്ങളും എല്ലാ മനുഷ്യർക്കും —എല്ലാ ജീവികൾക്കും എന്നുതന്നെ ജീവശാസ്ത്രം പഠിച്ചിട്ടുള്ള ഞാൻ പറയും—തുല്യമായി അവകാശപ്പെട്ടതാണെന്നു സമ്മതിക്കാതെ നിവൃത്തിയില്ല. എന്നു വരികിലും, ചില ചില ജനസമൂഹങ്ങൾ ചില ചില ഭൂവിഭാഗങ്ങളെ, നെടുനാളത്തെ തുടർച്ചയായ അധിവാസത്തിന്റെപേരിൽ, തങ്ങൾക്കു സ്വന്തമായുള്ളതെന്നു

5*

കരുതി, മാതൃഭൂമിയെന്നും പിതൃഭൂമിയെന്നും ജന്മഭൂമിയെന്നും വിളിച്ചു് ആരാധിച്ചുപോരുന്നു. രാഷ്ട്രീയമോ നിയമപരമോ സാമ്പത്തികമോ ആയ ഉടമസ്ഥാവകാശം മാത്രമല്ല ഇതിൽ അന്തർഭവിച്ചിരിക്കുന്നതു്. അതിൽ വർഗ്ഗസ്മരണകളും പ്രകൃതിയോടുള്ള സ്നേഹബന്ധവും ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷകളുമെല്ലാം മികച്ചുനില്ക്കുന്നു. ലോകത്തിലെ മററു് ഏതു രാജ്യത്തെക്കാളും ഉപരിയായി ഇന്ത്യയിലാണ് പിറന്ന മണ്ണും മനുഷ്യനും തമ്മിലുള്ള ചിരപുരാതനമായ ഈ ബന്ധം ജീവിതത്തിലെ അതിപ്രധാനമായ ഒരു ഘടകമായി വർത്തിക്കുന്നതു്. ഹിമവൽസേതുപര്യന്തമുള്ള ഈ മനോഹരഭൂമിയിൽ അറുപതു കോടിയോളം ജനങ്ങൾ, വളരെയധികം ദുഃഖവും ദുരിതവും അനുഭവിക്കുന്നുണ്ടെങ്കിലും ഇവിടെ ജനിച്ചതിൽ അഭിമാനമുള്ളവരായി, ഈ മണ്ണിനെ പ്രാണനിൽപ്രാണനായി സ്നേഹിച്ചു് ഇന്നും ഇവിടെ ജീവിക്കുന്നു.

ഇങ്ങനെയുള്ള ഈ രാജ്യത്തിന്റെ ആധുനികവല്ക്കരണത്തിൽ സാഹിത്യകാരൻ നിർവ്വഹിക്കേണ്ട പങ്കിനെപ്പററിയാണ് നമുക്കു ചർച്ച ചെയ്യുവാനുള്ളതു്. നമ്മുടെ കൂടിയാലോചന ഫലപ്രദമാകണമെങ്കിൽ ആധുനികവല്ക്കരണം എന്നാൽ എന്തെന്നു് ആദ്യമേതന്നെ വ്യക്തമാക്കണം. പുരോഗതി, സാമ്പത്തികവികസനം, സമുദായോദ്ധാരണം, വ്യവസായവല്ക്കരണം, സാമൂഹികപരിവർത്തനം, പ്ലാനിങ്ങ് എന്നിങ്ങനെ സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം നമ്മുടെ ഇടയ്ക്കു ധാരാളമായി കേട്ടുവരുന്ന സാങ്കേതികപദങ്ങളിൽ ഒന്നാണ് ആധുനികവല്ക്കരണവും.

Digitized by Kerala Sahitya Akademi

ഇവിടെ നിലവിലിരിക്കുന്നതിൽനിന്നു വ്യത്യസ്തമായ ഒരു സാമൂഹികവ്യവസ്ഥിതി കൈവരുത്തുന്നതാണ് ആധുനികവല്ക്കരണം എന്നു പറയുന്നതു് അബദ്ധമാണ്. ഭിന്നമായുള്ളതു് ആധുനികമാകണമെന്നു നിർബ്ബന്ധമില്ല. അതു പ്രാചീനവുമാകാം. പുതുമയുള്ളതു് ആയാലും പോരാ. നല്ലതുമായിരിക്കണം. അല്ലെങ്കിൽ സാഹിത്യകാരൻ അതിൽ പങ്കു വഹിക്കാൻ പോകുന്നതു് അവനുതന്നെ ആപത്താണ്. ഈ പരിഗണനകൾ മനസ്സിൽ വെച്ചുകൊണ്ടു് ഇന്നത്തെ ലോകസ്ഥിതി നോക്കിയാൽ എന്താണ് ആധുനികവല്ക്കരണം എന്നു തീർത്തുപറയുവാൻ വളരെ പ്രയാസമുണ്ടെന്നു് എനിക്കു തോന്നുന്നു.

രാജാറാംമോഹൻറായിയുടെ കാലംമുതൽ നാലഞ്ചു വർഷം മുമ്പുവരെ ആധുനികവല്ക്കരണം എന്നു പറഞ്ഞാൽ പാശ്ചാത്യവല്ക്കരണം എന്ന അർത്ഥമാണ് നമ്മുടെ രാജ്യത്തെ മിക്ക യാളുകളും, ഏറെക്കുറെ അനുക്തസിദ്ധമായിത്തന്നെ, മനസ്സിലാക്കിയിരുന്നതു്. ആദ്യമാദ്യം യൂറോപ്പിനെയും, അതിനുശേഷം അമേരിക്കയെയും, അതോടൊപ്പം കുറച്ചൊക്കെ റഷ്യയെയും ജപ്പാനെയും ആധുനികപരിഷ്കാരത്തിന്റെ കേളീരംഗങ്ങളായി എല്ലാവരും കരുതിപ്പോന്നു. ഇന്ത്യ പഴകി ജീർണ്ണിച്ച നാശോന്മുഖമായ ഒരു രാജ്യമാണെന്നും പാശ്ചാത്യരാജ്യങ്ങളെ അനുകരിച്ചു് അവരുടെ പരിഷ്കാരത്തെ സ്വീകരിച്ചു പ്രചരിപ്പിച്ചാൽ മാത്രമേ നമ്മുടെ ജനങ്ങൾക്കു മേൽഗതിയുണ്ടാവുകയുള്ളു എന്നുമുള്ള വിശ്വാസവും പരന്നു. ഭാരതീയസംസ്കാരത്തെപ്പററിയും ഇന്ത്യക്കാരന്റെ ജീവിതവീക്ഷണത്തെപ്പററിയും, വല്ലതുമൊരു നല്ല വാക്കു പറയുന്നതുതന്നെ ജുഗുപ്സാവഹമായിട്ടാണ് കരുതപ്പെട്ടതു്. ഈ പരിഷ്കാരഭ്രമത്തിനിടയ്ക്കു് എങ്ങനെ വിവേകാനന്ദസ്വാമിയും മഹാത്മാഗാന്ധിയും ജനസഞ്ചയത്തിന്റെ ആരാധനാപാത്രങ്ങളായി എന്നാലോചിച്ചാൽ വിസ്മയം തോന്നും. പക്ഷേ അവരുടെ നേതൃത്വവും കഷ്ടിച്ചു് അരനൂററാണ്ടുകാലമേ നിലനിന്നുള്ളു. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം നാം വീണ്ടും പാശ്ചാത്യപരിഷ്കാരത്തിന്റെ ആരാധകന്മാരായി. ഒരു പൗരസ്ത്യരാജ്യമായ ജപ്പാനിലെ ജനങ്ങൾക്കു രണ്ടാംലോകമഹായുദ്ധത്തിലെ പരിപൂർണ്ണവിനാശത്തിൽനിന്നുണ്ടായ ഉയിർത്തെഴുനേല്പും ഉല്ക്കർഷവും, ആധുനികവല്ക്കരണത്തെപ്പററി ഇടക്കാലത്തുണ്ടായ നമ്മുടെ അല്പസ്വല്പമായ സന്ദേഹങ്ങളെയും ദൂരീകരിച്ചു.

ഇപ്പറഞ്ഞ പരിവർത്തനങ്ങളോടൊപ്പം സുന്ദരമായ മറെറാരു ആശയവും നമ്മുടെ രാജ്യത്തു പ്രചരിച്ചു—സോഷ്യലിസം. പാശ്ചാത്യപരിഷ്കാരത്തിൽ അനിവാര്യമായി വന്നുകൂടിയ ദോഷങ്ങൾക്കുള്ള പ്രതിവിധിയായിട്ടാണ് ഈ ആശയത്തെ നാം ആദ്യകാലത്തു കണ്ടതു്. ജനങ്ങളിൽ ഭൂരിപക്ഷവും ദരിദ്രരായ ഒരു രാജ്യത്തു് ഈ ആശയം ആകർഷകമായി തോന്നിയതിലും അതു പ്രചരിച്ചതിലും അത്ഭുതമില്ല. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം അതിനെ വെറും ആശയമെന്നുള്ള നിലയിൽനിന്നുയർത്തി ഒരു ആദർശമായിത്തന്നെ നാം സ്വീകരിച്ചു. അങ്ങനെ വ്യവസായവൽകൃതമായ ഒരു സോഷ്യലിസ്ററ്സമുദായത്തെ വാർത്തെടുക്കുകയാണ് ഇന്ത്യയുടെ സാമൂഹികലക്ഷ്യമെന്നു ഭൂരിപക്ഷം ജനങ്ങളും അംഗീകരിച്ച നിലയിൽ നാം എത്തിച്ചേർന്നു. ഇന്ത്യയുടെ ആധുനികവൽക്കരണമെന്ന വാക്കുകൾകൊണ്ടു കേരള സാഹിത്യ അക്കാദമി വിവക്ഷിക്കുന്ന അർത്ഥം ഇതാണെന്നു ഞാൻ ഊഹിക്കുന്നു. ഈ പ്രാചീനരാജ്യം അതിന്റെ ഇന്നോളമുള്ള ചരിത്രത്തിൽ അറിഞ്ഞിട്ടില്ലാത്ത ഒരു വ്യവസ്ഥിതിയാണ് ഇതെന്നു് എടുത്തുപറയേണ്ടതില്ല. ആ നിലയ്ക്കു നൂക്കതു പുതിയതാണ്; ആധുനികമാണ്. അതിന്റെ അടുത്തെങ്ങും നാം എത്തിയിട്ടില്ല എന്നതും സത്യമാണ്. അതിനെ നിലവിൽ വരുത്തുന്നതിനുള്ള യത്നം ആരംഭിച്ചു എന്നല്ല, കാര്യമായി പുരോഗമിക്കുന്നുണ്ടെന്നുമാണ് നമ്മുടെ വിശ്വാസം. ഈ ധാരപാടുകളിൽ ജനസമൂ

Digitized by Kerala Sahitya Akademi

ഹത്തിന്റെ ബാഹ്യനേതൃത്വും അന്തർനേതൃത്വും മനഃസാക്ഷിയുമായ സാഹിത്യകാരനു ചുമതലയേറിയ പങ്കു വഹിക്കുവാനുണ്ട്. 60 കോടി ജനങ്ങൾ ആരംഭിച്ചിരിക്കുന്ന ഈ മഹാപ്രസ്ഥാനത്തെ ത്വരിപ്പിക്കേണ്ടതു് അവന്റെ കടമയാണ്. അതിനെ വിജയത്തിലെത്തിക്കുക എന്നതു് അവന്റെയും ലക്ഷ്യമാണ്.

സാഹിത്യവേദികളിൽത്തന്നെ ഇതേക്കുറിച്ചു വളരെയധികം ചർച്ചകൾ ഇന്ത്യയിൽ നടന്നിട്ടുണ്ട്. മലയാളഭാഷയെ നോക്കിയാൽ നമ്മുടെ സാഹിത്യകാരന്മാർ ഈ വിഷയത്തിൽ മുന്നണിപ്പോരാളികളെപ്പോലെ പ്രയത്നിച്ചിട്ടുണ്ട് എന്നുതന്നെ പറയേണ്ടിയിരിക്കുന്നു. അവരുടെ നേട്ടങ്ങളുടെ പട്ടികയും അഭിമാനകരമാണെന്നു ഞാൻ കരുതുന്നു. അങ്ങനെയിരിക്കെ വീണ്ടുമൊരു ചർച്ചയുടെ ആവശ്യമെന്തെന്നാണ് ഞാൻ ആലോചിക്കുന്നതു്. ഈ പ്രസ്ഥാനങ്ങളിലും പ്രവർത്തനങ്ങളിലുംനിന്ന് ഒട്ടൊക്കെ അകന്നുനില്ക്കുന്ന എന്നെ ഇവിടെ പ്രബന്ധം അവതരിപ്പിക്കുവാൻ ക്ഷണിക്കുകയും ചെയ്തിരിക്കുന്നു. ഏതായാലും ഇങ്ങനെ ദുർഗ്രഹമായ ചില അംശങ്ങളുണ്ടെങ്കിലും, എന്റെ വ്യക്തിഗതമായ അഭിപ്രായമാണ് ഇവിടെ പറയേണ്ടതു് എന്നു ഞാൻ കരുതുന്നു. ഈ ധാരണ തെററാണെങ്കിൽ ക്ഷമിക്കണം.

ഒന്നാമതായി, ഇവിടെ വിവരിച്ച മാതൃകയിലുള്ള ആധുനികവൽക്കരണത്തിന് ഇന്ത്യയുടെ ഭാഗധേയത്തെ ഇന്നത്തെ 60 കോടി ജനങ്ങൾക്കുപോലും ഹിതകരമായ രീതിയിൽ വാർത്തെടുക്കുന്നതിനുള്ള കഴിവിനെത്തന്നെ ഞാൻ ചോദ്യംചെയ്യുന്നു. ഇതു പക്ഷപാതംകൊണ്ടോ സിദ്ധാന്തപരമായ മുൻവിധികൊണ്ടോ പറയുന്നതല്ല. ഒരു തലമുറക്കാലത്തെ അനുഭവങ്ങളെ ആസ്പദമാക്കിയുള്ള വസ്തുകഥനമാണ്. ജീവിതാനുഭവങ്ങളെ കൈകാര്യംചെയ്യുന്നതിൽ സവിശേഷമായ താൽപര്യവും വൈദഗ്ദ്ധ്യവുമുള്ള സാഹിത്യകാരന്മാരെങ്കിലും ഈ വസ്തുതയെ അംഗീകരിക്കുമെന്നും, അർത്ഥശാസ്ത്രസിദ്ധാന്തങ്ങളുടെയും സ്ഥിതിവിവരക്കണക്കുകളുടെയും മായാവിലാസങ്ങളിൽ മയങ്ങിപ്പോവുകയില്ലെന്നും ഞാൻ വിശ്വസിക്കുന്നു. നമ്മുടെ സമൂഹം പ്രാചീനമായ പല ദുരാചാരങ്ങളെയും പരിത്യജിക്കുവാൻ പരിശ്രമിച്ചിട്ടുണ്ടെന്നും പരിശ്രമിക്കുകയാണെന്നും ഞാൻ സമ്മതിക്കുന്നു. പക്ഷേ അതോടൊപ്പം ആധുനികവൽക്കരണത്തിനുവേണ്ടി നാം ചെയ്യുന്ന യത്നം പഴയതിനെക്കാൾ എത്രയോ ദുഃസഹമായ ഒരു വ്യവസ്ഥിതിയെയാണ് സൃഷ്ടിച്ചുകൊണ്ടിരിക്കുന്നതെന്നു ഞാൻ ഭയപ്പെടുന്നു. സാഹിത്യകാരന്മാർ വളരെക്കാലമായി വാഴ്ത്തിക്കൊണ്ടിരിക്കുന്ന മാനുഷികമൂല്യങ്ങളുടെ ശീഘ്രഗതിയിലുള്ള തിരോധാനമാണ് നാം ഈ രാജ്യത്തു കാണുന്നതു്. ഒരു മനുഷ്യസമുദായം എന്ന നിലയിൽ നിന്നു വെറും പ്രാണരക്ഷണസമൂഹ (Survival system) മായി നാം അധഃപതിച്ചിരിക്കുന്നു. കോളിൻ ടേൺബുൾ എന്ന നരവംശശാസ്ത്രജ്ഞൻ ഉഗണ്ടയിലെ പർവ്വതപ്രദേശത്തു ജീവിക്കുന്ന ഇക് (Ik) എന്ന ആഫ്രിക്കൻവർഗ്ഗത്തിന്റെ കൂടെ അവരിൽ ഒരാളായി രണ്ടുവർഷം ജീവിച്ച് അവരെക്കുറിച്ചെഴുതിയ വിവരണമാണ് ഈ സന്ദർഭത്തിൽ എന്റെ ഓർമ്മയിൽ വരുന്നതു്. (Colin Turnbull: THE MOUNTAIN PEOPLE. Simon & Schuster 1972) മനുഷ്യന് ഇത്രത്തോളം അധഃപതിക്കുവാൻ സാധ്യതയുണ്ടെന്നു താൻ സ്വപ്നത്തിൽപ്പോലും വിചാരിച്ചില്ലെന്ന് അദ്ദേഹം പറയുന്നു. തിയ്യുകൾ ഇവരെക്കാൾ എത്രയോ ഭേദമാണ്. നന്മയുടെ ലാഞ്ഛനംപോലും അവരുടെ ജീവിതത്തിൽനിന്നു മാഞ്ഞുപോയിരിക്കുന്നു. അവർക്കു വികാരങ്ങളില്ല; വിശപ്പേയുള്ളു. കൈക്കുഞ്ഞുങ്ങളിൽനിന്നുപോലും അവർ ആഹാരം പിടിച്ചുപറിക്കും. കുട്ടികൾ അവശരായ വൃദ്ധജനങ്ങളുടെ വായിൽ കയ്യിട്ട് അവർ ചവച്ചുകൊണ്ടിരിക്കുന്ന കിഴങ്ങുകൾ അപഹരിക്കും. തടസ്സംപിടിച്ചാൽ തള്ളിയിട്ടു കൊല്ലും. ഈ വർഗ്ഗം പരസ്പരഹിംസകൊണ്ടു ചത്തൊടുങ്ങും എന്ന പ്രത്യാശമാത്രമേ ഗ്രന്ഥകാരൻ കാണുന്നുള്ളു.

Digitized by Kerala Sahitya Akademi

ഇന്ത്യയിൽ തിന്മയുടെ വിജൃംഭണം ഇത്രത്തോളം എത്തിയിട്ടില്ലെങ്കിൽ അതിന്റെ കാരണം വേണ്ടത്ര കാലം ഇനിയും കഴിഞ്ഞിട്ടില്ല എന്നതുമാത്രമാണെന്നു തോന്നിപ്പോകുന്നു. പക്ഷേ നമ്മളും ആ വഴിക്കുതന്നെയാണു് 'പുരോഗമിക്കു'ന്നതു് എന്നുള്ളതിൽ സംശയത്തിനൊന്നുമില്ല. ഇന്നു് ഈ രാജ്യത്തു് ഒഴിഞ്ഞ വയറോടെ ഉറങ്ങുവാൻപോകുന്ന കുഞ്ഞുങ്ങൾക്കു കൊടുക്കുവാൻവേണ്ടി അന്യരാജ്യങ്ങളിൽനിന്നു ഹൃദയാലുക്കളായ ജനങ്ങൾ വീടുതോറും പിരിവുനടത്തിയുണ്ടാക്കിയ പണം കൊടുത്തു വാങ്ങിച്ചയയ്ക്കുന്ന പാൽപൊടി കവർന്നെടുത്തു കരിഞ്ചന്തയിൽ വിററു കാശുമാററി ആദായമുണ്ടാക്കുന്ന സാമൂഹികപ്രവർത്തകർ നമ്മുടെ ഇടയിലുണ്ടു്. ഇതിൽനിന്നു് ഇക്കവർഗ്ഗത്തിന്റെ നിലയിലെത്തുവാൻ വലിയ ദൂരമൊന്നുമില്ല.

രണ്ടാമതായി പറയുവാനുള്ളതു്, ആധുനികവല്ക്കരണം ഭൗതികശാസ്ത്രത്തിൽമാത്രം അധിഷ്ഠിതവും അർത്ഥശാസ്ത്രപരവും രാഷ്ട്രീയവുമായ പ്രക്രിയയായി തുടരുകയാണെങ്കിൽ, ഇന്ത്യയ്ക്കു മാത്രമല്ല ലോകത്തിനുതന്നെയും ഗുരുതരമായ വൈഷമ്യമുണ്ടാകും എന്നാണു്. ഞാൻ നേരത്തെ പറഞ്ഞ ഗ്രന്ഥകാരൻ ഒരു ചെറിയ ആഫ്രിക്കൻസമൂഹത്തിൽ താൻ കണ്ട ധർമ്മവിപര്യയത്തെപ്പററി ചിന്തിക്കുന്ന കൂട്ടത്തിൽ ഇന്നത്തെ മാത്സര്യകലുഷിതമായ 'ടെക്നോളജിക്കൽ സൊസൈററി'യും ഇതുപോലെയുള്ള അധഃപതനത്തിനുതന്നെയല്ലേ വിധിക്കപ്പെട്ടിരിക്കുന്നതു് എന്നോർത്തു അസ്വസ്ഥനാകുന്നുണ്ടു്. 1973 ഒക്ടോബർമാസത്തിൽ അറബികളും ഇസ്രേലികളും തമ്മിലുണ്ടായ യുദ്ധത്തിനു മുമ്പാണു് അദ്ദേഹം തന്റെ ഗ്രന്ഥമെഴുതിയതു്. ആ യുദ്ധത്തിന്റെ പ്രത്യാഘാതങ്ങളും അതേത്തുടർന്നുണ്ടായ എണ്ണപ്പോരിന്റെ ഫലമായ ആഗോളപ്രതിസന്ധിയുംകൂടി കാണുവാൻ സാധിച്ചെങ്കിൽ അദ്ദേഹത്തിന്റെ അസ്വസ്ഥത അന്നുതന്നെ അന്ധാളിപ്പോ ആയി രൂപാന്തരപ്പെടുമായിരുന്നു. നാലഞ്ചു തലമുറകളായി മനുഷ്യരാശിയെ മുഴുവനും വശീകരിച്ചു പ്രലോഭിപ്പിച്ചു വിഭ്രമിപ്പിച്ച സാങ്കേതികപരിഷ്കാരത്തിന്റെ അടിത്തറയെത്തന്നെയാണു് അറബികൾ ഇളക്കിയിരിക്കുന്നതു്. ഖനിയെണ്ണയ്ക്കുപകരം യുറേനിയംശക്തിയോ, ഹൈഡ്രജൻശക്തിയോ, കരിങ്കല്ലിൽനിന്നോ മണ്ണിൽനിന്നോ വെള്ളത്തിൽനിന്നോ ജനിപ്പിക്കുന്ന ശക്തിയോ, എന്തുതന്നെ ഉപയോഗിച്ചാലും ലോകത്തിന്റെ ഊർജ്ജദാഹം ശമിക്കുകയില്ല. പത്തു വർഷത്തെ ഊഴമിട്ടു് അതിന്റെ ആവശ്യം ഇരട്ടിച്ചുകൊണ്ടിരിക്കുകയാണു്. ഇന്നത്തെ പിൻകിടരാഷ്ട്രങ്ങളും വൻതോതിലുള്ള ആധുനികവല്ക്കരണം തുടങ്ങിയാൽ ഈ ഇരട്ടിപ്പു് അതിലും വേഗത്തിൽ സംഭവിക്കും. ഊർജ്ജത്തിന്റെ ആപത്തു്. സാങ്കേതികവിദ്യയിൽ അന്തർഭവിച്ചിട്ടുള്ള ഉർജ്ജപരിവർത്തനത്തിൽ അനിവാര്യമായ ഒരു വൈഷമ്യമുണ്ടു്. അതിൽനിന്നു് അപാരമായ അളവിൽ ചൂടുണ്ടാകും. ഓരോ ബൾബു കത്തുമ്പൊഴും അതിൽ പ്രവേശിക്കുന്ന വിദ്യുച്ഛക്തിയിൽ നാലോ അഞ്ചോ ശതമാനംമാത്രമേ വെളിച്ചമായി കിട്ടുന്നുള്ളു. ബാക്കി മുഴുവനും യാതൊരു ഉപയോഗമില്ലാത്ത ചൂടായി രൂപാന്തരപ്പെട്ടു് അന്തരീക്ഷത്തിൽ ലയിക്കുകയാണു്. കല്ക്കരി കത്തുമ്പൊഴും യുറേനിയം ആററം പിളരുമ്പൊഴും ഇതുതന്നെയാണു് സംഭവിക്കുന്നതു്. ലോകത്തിൽ ആകെയുള്ള 171 രാജ്യങ്ങളും അമേരിക്കൻ ഐക്യനാടുകളെപ്പോലെ ആധുനികവൽകൃതമാവുകയാണെങ്കിൽ ചുററുപാടുകൾക്കുണ്ടാകുന്ന ഉഷ്ണാധിക്യം കൊണ്ടുതന്നെ മനുഷ്യനുൾപ്പെടെയുള്ള ജീവജാലത്തിനു ഭുവനജീവിതം അസാധ്യമായിത്തീരുമെന്നു ഹൈൽബ്രോണർ എന്ന ശാസ്ത്രജ്ഞൻ കണക്കാക്കിയതോർക്കുന്നു. (Robert Hellbronner: AN ENQUIRY INTO THE HUMAN PROSPECT. Norton 1973).

നാം സങ്കല്പിച്ച തരത്തിലുള്ള ആധുനികവല്ക്കരണത്തിനു് ഇവയെക്കൂടാതെ വേറെയും ആപത്തുകളുണ്ടു്. ഇതിനകംതന്നെ കപ്രസീ

Digitized by Kerala Sahitya Akademi

ഢിയാർജ്ജിച്ചുകഴിഞ്ഞ പരിസരദൂഷണം, അഥവാ ഭൂമാലിന്യത്തെപ്പററി എല്ലാവരും കേട്ടിരിക്കുമല്ലോ. ഇതു മിസിസ്സിപ്പിയിലും റൈൻ നദിയിലും വോൾഗയിലും അമേരിക്കയിലെ ഈറിതടാകത്തിലും റഷ്യയിലെ ബൈക്കാൾതടാകത്തിലും മാത്രമേയുള്ളു എന്നു ധരിക്കേണ്ട. പെരിയാററിലും മാവൂർപുഴയിലും കല്ലടയാററിലും അഷ്ടമുടിക്കായലിലും എല്ലാം അതു് അനുഭവപ്പെടുന്നുണ്ടു്. ഇതേപ്പററിയെല്ലാം ചിന്തിച്ചു സാഹിത്യകാരൻ തല പുകയ്ക്കേണ്ടതുണ്ടോ എന്നു ചോദിച്ചേയ്ക്കാം. സാഹിത്യകാരൻ ജീവിതത്തെ അതിന്റെ സമഗ്രഭാവത്തിൽ കാണേണ്ടവനും, കാണാൻ കഴിവുള്ളവനും, ആകയാൽ ഈ ദോഷവശങ്ങളുടെ നേക്കു് അവൻ കണ്ണടയ്ക്കുന്നതു തെററാണെന്നു ഞാൻ കരുതുന്നു. ''എല്ലാജ്ജീവിതതീർത്ഥവും'' ഇങ്ങനെ വിഷമയമായിത്തീരുന്ന സ്ഥിതിവിശേഷത്തെ സൃഷ്ടിക്കുന്ന ഈ വൻകിടവ്യവസായ–വാണിജ്യ–രാഷ്ട്രീയ മാർഗ്ഗേണയുള്ള ആധുനികവല്ക്കരണമാണോ ഇന്ത്യയ്ക്കു വേണ്ടതു് എന്നു നമ്മുടെ ജനങ്ങളെ ഉപദേശിക്കുവാൻ സാഹിത്യകാരനെപ്പോലെ മററാർക്കും കഴിയുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. ഇതു പ്രത്യയശാസ്ത്രങ്ങളുടെ പേരിലുള്ള രാഷ്ട്രീയമത്സരങ്ങളുടെ നീർച്ചുഴിയിലേയ്ക്കു സാഹിത്യകാരനെ തള്ളിയിടുവാനുള്ള യത്നമാണെന്നു തെററിദ്ധരിക്കരുതു്. ടെക്നോളജിയുടെ പരാജയം, ഇന്നു പരസ്പരം പോരടിച്ചു നില്ക്കുന്ന പ്രത്യയശാസ്ത്രങ്ങളെയും ഭൂമുഖത്തുനിന്നു നിർമ്മാർജ്ജനം ചെയ്യും. അതുകൊണ്ടു സാധുവായ ഇന്ത്യക്കാരൻ ആധുനികവല്ക്കരണത്തിനുവേണ്ടി ഏതു പ്രത്യയശാസ്ത്രം സ്വീകരിക്കണം എന്നതല്ല സാഹിത്യകാരനെ അഭിമുഖീകരിക്കുന്ന പ്രശ്നം. ഈ പുതിയ വ്യവസ്ഥിതികളിൽനിന്നെല്ലാം പിൻവാങ്ങി പ്രാചീനകാലത്തെ ദുരാചാരങ്ങളിലേയ്ക്കും അന്ധതാമിസ്രങ്ങളിലേയ്ക്കും മടങ്ങിപ്പോകണമോ എന്നതുമല്ല. ജഠരാഗ്നിയുടെ ജ്വാലാകലാപത്തിൽ ജഗത്ത്രയത്തെ ഭസ്മമാക്കുന്ന ജനപ്രളയത്തിൽ വീണുകിടക്കുന്ന അവനിനി പുറകോട്ടു പോകുന്നതെങ്ങനെ? കാലത്തിന്റെ പരീക്ഷണങ്ങളെ അഭിമുഖീകരിച്ചു ഭാവിയുടെ തീക്കടൽ വല്ലപാടും നീന്തിക്കടക്കുവാൻ തന്നെ ശ്രമിക്കണം.



ഈ മഹായത്നത്തിൽ ആധുനികവല്ക്കരണം എന്ന സങ്കല്പത്തിനുതന്നെ പുതിയ അർത്ഥം നല്കുവാൻ സാഹിത്യകാരൻ മുൻകൈ എടുക്കണം എന്നാണു് എന്റെ അഭിപ്രായം. ജനസഞ്ചയം ഇങ്ങനെയുള്ള അഗ്നിപരീക്ഷകളെ അഭിമുഖീകരിക്കുമ്പോൾ, മരണത്തിന്റെ കരിനിഴൽ വീശിയ താഴ്‌വരകളിലൂടെ കടന്നുപോകേണ്ടിവരുമ്പോൾ, ധർമ്മച്യുതികൊണ്ടു് ഐഹികജീവിതത്തിന്റെ ഗതി മുട്ടിപ്പോകുമ്പോൾ, സാഹിത്യകാരൻ കൂടപ്പിറപ്പുകളുടെ വഴികാട്ടിയായും, രക്ഷാപുരുഷനായും, ആപൽബന്ധുവായും അരങ്ങത്തു വരുന്ന പാരമ്പര്യം നമ്മുടെ ചരിത്രത്തിൽ ഇല്ലാത്തതല്ല. അന്യസാഹിത്യങ്ങളെ അപേക്ഷിച്ചു ഭാരതീയസാഹിത്യത്തിനുള്ള മേന്മയും ഇതാണെന്നു ഞാൻ വിശ്വസിക്കുന്നു. വാല്മീകിയും വ്യാസനും കാളിദാസനും എഴുത്തച്ഛനും, കുഞ്ചൻനമ്പ്യാരുപോലും, ശ്രോതാക്കളെ രസിപ്പിക്കുവാൻവേണ്ടിമാത്രം കഥയും കവിതയും എഴുതിയവരല്ല. ധർമ്മസ്ഥാപനവും സാമൂഹികപരിഷ്കരണവും അവരുടെ പ്രഖ്യാപിതലക്ഷ്യങ്ങളായിരുന്നു. അന്നത്തെ ധർമ്മമല്ല ഇന്നത്തെ ധർമ്മമെന്നു പറയാവുന്നതാണു്. അതു ശരിയുമായിരിക്കാം. പക്ഷേ അതുകൊണ്ടു സാഹിത്യകാരനു് ഇന്ത്യയുടെ ഇന്നത്തെ പ്രതിസന്ധിയിൽ ജനങ്ങൾക്കു മാർഗ്ഗനിർദ്ദേശം നല്കുവാൻ അർഹതയില്ല എന്നു വരുന്നില്ല. ചരിത്രത്തിന്റെ മുന്നോട്ടുള്ള ഗതിയിൽ വഴിയറിയാതെ വിഷമിക്കുന്ന ജനങ്ങളുടെ കണ്ണും കരളുമായി വർത്തിക്കുകയും, തന്റെ ഉൾക്കാഴ്ചയനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യേണ്ട ചുമതല തീർച്ചയായും സാഹിത്യകാരനുണ്ടു്.

ഇന്നത്തെ ചരിത്രസന്ധിയിൽ ഓരോ മനുഷ്യനും ഏകാകിയാണു്. സമസൃഷ്ടങ്ങളിൽനിന്നു മാത്രമല്ല, ''പ്രാണികൾക്കൊക്കെ അമ്മ'' യായ ഭൂമിയിൽനിന്നുപോലും അവൻ ഒററപ്പെ

Digitized by Kerala Sahitya Akademi

ട്ടുപോയിരിക്കുന്നു. തന്റെ ഭാഗ്യത്തിനും ഭാഗ്യദോഷത്തിനും താൻതന്നെ ചുമതലപ്പെട്ടവൻ എന്നു വിശ്വസിച്ചു ഭൗതികമായ വിജ്ഞാനം നേടി, ബുദ്ധിയുടെ ദിഗ്‌വിജയത്തിൽ അഹംകരിച്ച്, പ്രകൃതിയെ കീഴടക്കി ജാജ്ജ്വല്യമാനമായ ഒരു നൂതനസംസ്കാരം സൃഷ്ടിച്ച്, അഭൂതപൂർവ്വമായ ഉത്ക്കർഷം നേടിയ ഈ ഇരുകാലിമൃഗത്തിന് ഓർക്കാപ്പുറത്താണ് പരാജയത്തിന്റെ ആഘാതം ഏല്ക്കേണ്ടിവന്നതു്. ഐഹികജീവിതത്തിന്റെ ദുർഗ്രഹഭാവങ്ങൾ അവനെ വ്യാകുലചിത്തനാക്കിയിരിക്കുന്നു. അറുതിയില്ലാത്ത ഭൗതികസമ്പത്തു വാരിക്കൂട്ടുകയും ഭുവനഭോഗങ്ങളിൽ ഉച്ഛൃംഖലമായി വിഹരിക്കുകയുമാണ് ജീവിതത്തിന്റെ ലക്ഷ്യമെന്നു ദൃഢമായി വിശ്വസിച്ച് അതിനു വേണ്ട ഉപായങ്ങൾ കണ്ടുപിടിച്ച് അതിസമർത്ഥമായി, പ്രകൃതിയുടെയും മററു ജനസമൂഹങ്ങളുടെയുംമേൽ പ്രയോഗിച്ച്, ഭൂമിയിൽ അങ്ങിങ്ങായി മേന്മ നേടിയ സമുദായങ്ങൾ, എത്രയോ ദുർബ്ബലമായ അസ്ഥിവാരത്തിന്മേലാണ് തങ്ങളുടെ ഉത്ക്കർഷം സ്ഥിതിചെയ്യുന്നതെന്ന് ഒരു ഞെട്ടലോടെ മനസ്സിലാക്കിയിരിക്കുന്നു. ഇതോടൊപ്പം ഭോഗലോലുപമായ ജീവിതം ശാന്തിയുടെയും സംതൃപ്തിയുടെയും വിളനിലമാകുമെന്നു തീർത്തു പറയുവാനും സാധ്യമല്ലെന്നു വ്യക്തമായിരിക്കുകയാണ്. ഭോഗലോലുപം എന്ന പദംകൊണ്ടു കാമവികാരത്തിൽ മുഴുകിയതു് എന്ന അർത്ഥമല്ല ഞാൻ വിവക്ഷിക്കുന്നതു്. സാഹിത്യകാരന്മാരുടെ ചിരപുരാതനമായ പ്രതിപാദ്യവിഷയമാണിതെന്ന് എനിക്കറിയാം. പക്ഷേ ഫ്രോയിഡിന്റെ അനുയായികൾ സങ്കല്പിക്കുന്നതുപോലെ അതിനു ജീവിതത്തിൽ സർവ്വാധിപത്യമുണ്ടെന്നും, ഭൂമിയിൽ അതുമൂലം ഉണ്ടാകുന്നതല്ലാതെ മറെറാരു പ്രശ്നവുമില്ലെന്നും ഞാൻ വിശ്വസിക്കുന്നില്ല. ആധുനികകാലത്തു വിനോദവ്യവസായത്തിന്റെ സർവ്വപ്രധാനമായ വ്യാപാരച്ചരക്കായി സിനിമയിലും നാടകത്തിലും പത്രമാസികകളിലും സ്ഥാനം നേടിയതോടെ അതു ബീഭത്സരസത്തിന്റെ വകഭേദമായി മാറുകയും ചെയ്തിരിക്കുന്നു. വ്യവസായപരിഷ്കാരത്തിന്റെ ഫലമായി ഉണ്ടായിരിക്കുന്ന പുതിയ സാമൂഹികവ്യവസ്ഥിതിയിൽ കാണുന്ന ജീവിതധർമ്മത്തെ സൂചിപ്പിക്കുവാനാണ് ഞാൻ ഈ പദം ഉപയോഗിക്കുന്നതു്. (Consumer Society). മിന്നുന്നതും തിളങ്ങുന്നതുമായ പുതിയ പുതിയ സാധനങ്ങൾ അനവരതം ഉല്പാദിപ്പിക്കുക; പരസ്യത്തിന്റെയും പ്രചാരണത്തിന്റെയും പ്രേരണ പ്രയോഗിച്ചു മനുഷ്യചിത്തത്തെ പ്രലോഭിപ്പിച്ച് അതു മുഴുവനും കൊള്ളലാഭത്തിൽ വിററഴിക്കുക; കുറേക്കൂടി ആകർഷകമായ സാധനങ്ങൾ വീണ്ടും ഉല്പാദിപ്പിക്കുക; ഈ പ്രക്രിയകളിലൂടെ സമ്പത്തും ഐശ്വര്യവും ജീവിതത്തിലെ സുഖാനുഭൂതികളും വർദ്ധിപ്പിച്ചു എന്നു വിശ്വസിക്കുക; ഇതാണ് ഭോഗലോലുപമായ വ്യവസ്ഥിതി. അനുസ്യൂതമായ വളർച്ച, അറുതിയില്ലാത്ത അഭിവൃദ്ധി, ആസുരമായ യന്ത്രശക്തി, അജയ്യമായ സമരബലം ഇവയാണ് അതിനെ നിലനിർത്തുന്നതു്.

ലോഭമോഹങ്ങളെ അപാരമായ അളവിൽ പരിപോഷിപ്പിച്ചു സ്വാർത്ഥപൂർത്തിയിൽമാത്രം ലക്ഷ്യീകൃതമായ ഈ ജീവിതധർമ്മം ഇന്നു ഭയാനകമായ അധർമ്മത്തിന്റെ വടിവുകളെ പ്രാപിച്ചിരിക്കുകയാണ്. അതു മനുഷ്യരാശിയിൽ മൂന്നിൽ രണ്ടു ഭാഗത്തെയും മഹാദുരിതത്തിൽ വീഴ്ത്തി കണ്ണുനീരു കുടിപ്പിക്കുന്നു. അതിനെ അനുകൂലിക്കാത്തവൻ മൂഢനായും എതിർക്കുന്നവൻ ശത്രുവായും കരുതപ്പെടുന്നു. ഇന്ത്യയിലെ ജനങ്ങളെപ്പററി കാതറൈൻ മേയോമുതൽ ഗുന്നാർമിർഡൽവരെയുള്ള പാശ്ചാത്യനിരീക്ഷകർ എഴുതിയിട്ടുള്ള ലോകപ്രസിദ്ധമായ ഗ്രന്ഥങ്ങളിൽ ഈ അസുരനീതിയുടെ ആസ്പന്ദനം ദൃശ്യമാണ്. നമുക്കു പുരോഗതിയിൽ താത്പര്യമില്ലെന്നും ഉത്ക്കർഷം നേടുവാൻ ആഗ്രഹമില്ലെന്നുമാണ് ആക്ഷേപം. പക്ഷേ ലോകജനതയിൽ ഭൂരിഭാഗവും ഇങ്ങനെ അധോഗതിയിൽ ആണ്ടുകിടക്കുന്നതുകൊണ്ടാണ് അവരെ

Digitized by Kerala Sahitya Akademi

ആക്ഷേപിക്കുന്ന ന്യൂനപക്ഷത്തിനു മേന്മനേടുവാൻ ഇടയായതെന്ന അടിസ്ഥാനസത്യം ആരും കാണുന്നില്ല. യൂറോപ്പിലെ ഒരു ചെറിയ രാജ്യമായ ഹോളണ്ടിന്റെ കഥ നോക്കുക. അതിനു നമ്മുടെ ഈ കൊച്ചുകേരളത്തിന്റെ അത്രപോലും ഭൂവിസ്തൃതിയില്ല. ജനസംഖ്യ 1970_ൽ ഒന്നേകാൽ കോടി. അവർ അങ്ങേയററത്തെ ഐശ്വര്യത്തിൽ ജീവിക്കുന്നു. പക്ഷേ അന്യരാജ്യങ്ങളിലെ മണ്ണിൽനിന്നാണ് അവർ ജീവിതാവശ്യങ്ങൾ നേടുന്നതു്. മാംസ്യപദാർത്ഥങ്ങൾ ഇറക്കുമതി ചെയ്യുന്ന രാജ്യങ്ങളുടെ പട്ടികയിൽ അവർ രണ്ടാംസ്ഥാനത്തു നില്ക്കുന്നു. അവർ ഉപയോഗിക്കുന്ന ധാന്യത്തിൽ 63ശതമാനവും അന്യരാജ്യങ്ങളിൽനിന്നു വരുന്നതാണ്. മററ് അത്യാവശ്യസാധനങ്ങളുടെ അനുപാതവും ഇതുപോലെയോ ഇതിൽ കൂടുതലോ ഉയർന്നുനില്ക്കുന്നു. അവർ സ്ഥിരോത്സാഹംകൊണ്ടു വ്യവസായത്തിലൂടെ ഉത്ക്കർഷം നേടി എന്നു പറയുന്നതു സത്യമാണെങ്കിലും ആ ഉത്ക്കർഷത്തിൽ അന്യജനങ്ങളുടെ അധഃപതനവും അനിവാര്യമായി അന്തർഭവിച്ചിട്ടുണ്ട്. എല്ലാം രാജ്യക്കാരും ക്ഷേമത്തിൽ കൊതിയുള്ളവരാണ്. പക്ഷേ ഒരു കൂട്ടർ ഏഴാംസ്വർഗ്ഗത്തിലേയ്ക്കു കുതിച്ചു കയറി ഭൂമിയിലെ വിഭവങ്ങൾ കൈയ്യടക്കി അത്യാർത്തിയോടെ തിന്നു തീർക്കുകയും മററുള്ളവർ നരകദുഃഖം അനുഭവിക്കുകയും ചെയ്യുന്ന വ്യവസ്ഥിതിയിൽ അനീതിയുണ്ട്. അതു് അധർമ്മമാണ്.

ആധുനികവല്ക്കരണത്തിന്റെ പേരിൽ ഇന്ത്യയിലും ഈ അധർമ്മം പ്രചരിക്കുന്നതു നമ്മുടെ സാഹിത്യകാരന്മാർ കണ്ണു തുറന്നു കാണണം. അതിൽ അന്തർഭവിച്ചിരിക്കുന്നതു പ്രത്യയശാസ്ത്രസംഘർഷമല്ലെന്നും ഗർഹണീയമായ ധർമ്മക്ഷയമാണെന്നും അവർ മനസ്സിലാക്കണം. ഇതു മുതലാളിത്തത്തിന്റെ മാറാരോഗമാണെന്നും കമ്മ്യൂണിസമാണ് അതിനുള്ള മരുമരുന്നെന്നും ഒരു കാലത്തു് അവർ വിശ്വസിക്കുകയുണ്ടായി. പക്ഷേ ആ വിശ്വാസം തെററിപ്പോയി എന്നു കരുതേണ്ട ലക്ഷണങ്ങളാണ് ഇപ്പോൾ കാണുന്നതു്. ചൈന റഷ്യയുമായി പിണങ്ങിയതിന്റെ അടിയിലുള്ള രഹസ്യം ഇതാണെന്നു പറയപ്പെടുന്നു. ഏതായാലും മറെറങ്ങുനിന്നുമല്ല, സാക്ഷാൽ വത്തിക്കാനിൽനിന്ന്, 1973_ൽ പുറത്തുവന്ന ഒരു പ്രസിദ്ധീകരണത്തിൽ കണ്ട ഒരു പ്രസ്താവന ഞാൻ ഉദ്ധരിക്കാം: "സോവിയററ് കമ്മ്യൂണിസം പ്രയോഗരീതിയെ സ്പർശിക്കുന്നതും അർത്ഥശാസ്ത്രപരവും ആണെങ്കിൽ മവോസിദ്ധാന്തം മനുഷ്യന്റെ ചിന്തയെയും ജീവിതചര്യയെയും മുൻനിർത്തിയുള്ള ധാർമ്മികമായ സോഷ്യലിസമാണ്. അനുക്രമവേണ്ടിയുള്ള നിസ്സ്വാർത്ഥതത്തിലും, സാമൂഹികനീതിക്കുവേണ്ടിയുള്ള ഏത്പ്രദ്യോതനത്തിലും, മിതസ്വഭാവവും ലളിതവുമായ ഒരു ജീവിതരീതിയെ ഉയർത്തിക്കാണിക്കുന്നതിലും, കടപുഴകിപ്പോയ ഗ്രാമീണജീവിതത്തെ പുനഃസ്ഥാപിക്കുന്നതിലും, ഭിന്നനിലകളിലുള്ള സാമൂഹികഘടകങ്ങളെ കൂട്ടിക്കലർത്തുന്നതിലുമാണ് ചൈനയിലെ ജനകീയറിപ്പബ്ലിക് കണ്ണുവെച്ചിരിക്കുന്നതു്." ആധുനികവല്ക്കരണത്തിൽ ധർമ്മാധർമ്മങ്ങൾക്കുള്ള പ്രസക്തിയെപ്പററി മവോസേതുങ്ങിനെങ്കിലും ദൃഢവും വ്യക്തവുമായ ധാരണകളുണ്ടെന്നാണ് ഈ പ്രസ്താവന കണ്ടപ്പോൾ എനിക്കു തോന്നിയതു്. വെറുതെയല്ല അദ്ദേഹം കവിയും സാഹിത്യകാരനും മഹാത്മാവുമായി വാഴ്ത്തപ്പെടുന്നതു് എന്നും തോന്നാതിരുന്നില്ല. പക്ഷേ 80കോടി ജനങ്ങളുള്ള ചൈനയിലെ മഹാസമൂഹത്തിൽ അദ്ദേഹമല്ലാതെ മററാരും കവിതയും സാഹിത്യവും എഴുതുന്നതായി ഇന്നുവരെ കേൾക്കാത്തതിന്റെ രഹസ്യം മനസ്സിലാകുന്നില്ല. ബ്രഹ്മാനന്ദസഹോദരമായി നാം കരുതുന്ന കാവ്യരസാനുഭൂതിയുടെ ഈ അഭാവം അതിമാത്രം അർത്ഥവത്താണെന്നു പറയേണ്ടിയിരിക്കുന്നു. അനാർദ്രവും നിർവികാരവും ശുദ്ധമേ ബുദ്ധിപരവുമായ ധർമ്മസംസ്ഥാപനമാണോ ചൈനക്കാർ സാധിച്ചിരിക്കുന്നതെന്നു സംശയിച്ചുപോകുന്നു.

Digitized by Kerala Sahitya Akademi

ഭാരതീയരായ നമുക്കു് ഈ മാർഗ്ഗം തീർച്ചയായും അനാകർഷകമാണു്. ഒരാൾമാത്രം കവിതയെഴുതുന്നതുകൊണ്ടു നാം തൃപ്തരാവുകയുമില്ല. ഇരുപതാംനൂററാണ്ടിന്റെ അന്ത്യപാദത്തിൽ കാണുന്ന ലോകസ്ഥിതിക്കും നമ്മുടെ പാരമ്പര്യത്തിനും യോജിച്ച യുഗധർമ്മം സ്വീകരിച്ചു് ഈ രാജ്യത്തെ ആധുനികവൽക്കരിക്കുന്ന മഹായത്നത്തിൽ ബുദ്ധിയുടെ വൈഭവങ്ങളോടൊപ്പം ഹൃദയഗുണങ്ങളും നമുക്കു് അനുപേക്ഷണീയമാണു്. പരാർത്ഥമായ പ്രയത്നംമാത്രമല്ല പരസ്പരസ്നേഹവും നമുക്കു് ആവശ്യമാണു്. സ്നേഹാമൃതത്താൽ സംസിക്തമായ ഹൃദയപത്മങ്ങളോടുകൂടിയ ഒരു മനുഷ്യസമുദായമാണു് ഈ രാജ്യത്തു് ഉണ്ടാകേണ്ടതു്; നിസ്സ്വാർത്ഥമായി പണിയെടുക്കുവാൻവേണ്ടിമാത്രം പിറന്നു മരിക്കുന്ന ഉറുമ്പിൻപററമല്ല. സമസ്തചരാചരങ്ങളെയും കൂടപ്പിറപ്പുകളെപ്പോലെ സ്നേഹിക്കുന്ന മനുഷ്യനാണു് മനുഷ്യൻ. അവനുമാത്രമേ, അന്യഥാ സ്വപ്നസന്നിഭമായിത്തോന്നുന്ന, ഈ ജീവിതം അർത്ഥവത്തായിത്തീരുകയുള്ളു. ആദ്ധ്യാത്മികമായ ഉൾക്കാഴ്ചയിൽനിന്നു് ഉൽപന്നമാകേണ്ട മഹാസിദ്ധിയാണിതു്. മനുഷ്യഹൃദയത്തിൽ പ്രേമാമൃതം നിറയുവാൻ മററൊരു മാർഗ്ഗവും അറിയപ്പെട്ടിട്ടില്ല.

പരസുഖമേ സുഖ,മെനിക്കു നിയതം,
പരദുഃഖം ദുഃഖം;
പരമാർത്ഥത്തിൽ പരനും ഞാനും ഭേദ–
മൊന്നല്ലീ!

എന്ന അനുഭൂതിയിൽനിന്നാണു് ഏററവും ശ്രേഷ്ഠമായ സാഹിത്യവും ജനിക്കുന്നതു്. ധർമ്മത്തിനു ഗ്ലാനിപററി അധർമ്മം അഭ്യുത്ഥാനം ചെയ്തിരിക്കുന്ന ഈ കാലഘട്ടത്തിൽ ക്രാന്തദർശികളായ സാഹിത്യകാരന്മാർക്കല്ലാതെ മററാർക്കാണു് നേർവഴി കാണുവാൻ കഴിവുള്ളതു്? ലോകവിശ്രുതിനേടിയ സാഹിത്യകാരനായ സോൾഷെനിത്സിൻ റഷ്യയോടു് എന്നെന്നേയ്ക്കുമായി യാത്രപറഞ്ഞ സന്ദർഭത്തിൽ തന്റെ നാട്ടുകാരോടു ചെയ്ത അഭ്യർത്ഥനയെ സംക്ഷേപിച്ചു് ഉദ്ധരിച്ചുകൊണ്ടു് ഈ പ്രബന്ധം ഉപസംഹരിക്കട്ടെ. ''ടെക്നോളജിയിലൂടെ ശാശ്വതമായ ഉൽക്കർഷം നേടാമെന്നുള്ള പാശ്ചാത്യപരിഷ്കാരത്തിന്റെ വ്യാമോഹത്തിൽനിന്നു പിൻതിരിയുക! വിശാലമായ റഷ്യാരാജ്യത്തിന്റെ വടക്കുകിഴക്കൻ പ്രദേശങ്ങളിലെങ്കിലും ഭൂമിയോടു് ഒട്ടിനില്ക്കുന്നതും നമ്മുടെ പ്രാചീനപാരമ്പര്യങ്ങൾക്കു യോജിച്ചതുമായ ഒരു ജനസമുദായത്തെ, സയൻസിന്റെ സഹായത്തോടുകൂടിത്തന്നെ ആയാലും, വളർത്തിയെടുക്കുവാൻ പരിശ്രമിക്കുക!'' ഈ ഉപദേശം ബധിരകർണ്ണങ്ങളിലേ വീഴുകയുള്ളു എന്നു നിശ്ചയമാണെങ്കിലും, ലോകഭോഗങ്ങളുടെ അർത്ഥശൂന്യതയെയും അവയെ പിൻതുടർന്നു ശാശ്വതശാന്തി നേടാമെന്നുള്ള പാശ്ചാത്യമനുഷ്യന്റെ വ്യാമോഹത്തെയും കുറിച്ചു സ്വജനങ്ങളെമാത്രമല്ല, മാനവസമുദായത്തെ മുഴുവനും ഉള്ളിൽത്തട്ടുമാറു് ഉദ്ബോധിപ്പിച്ച ഒരു മഹാത്മാവായി ഈ റഷ്യൻസാഹിത്യകാരൻ ഉയർന്നിരിക്കുന്നു എന്നാണു് ഇതു കണ്ടപ്പോൾ പ്രസിദ്ധനായ ഒരു അമേരിക്കൻനിരൂപകൻ പറഞ്ഞതു്. ധർമ്മക്ഷയം അതിഭയങ്കരമായ അർബുദംപോലെ രാഷ്ട്രശരീരത്തെ ബാധിച്ചിരിക്കുന്ന ഈ ദുർദ്ദശാസന്ധിയിൽ മഹാഭാരതകർത്താവായ വേദവ്യാസന്റെ പിൻതുടർച്ചക്കാരായ ഭാരതീയസാഹിത്യകാരന്മാർ ഈ നിലയിലേയ്ക്കുയർന്നു് ഇന്ത്യയിലെ ജനങ്ങളെ രക്ഷിക്കണം. നാല്പതിൽപരം വർഷങ്ങൾക്കുമുമ്പു്, സാരസ്വതബ്രഹ്മത്തെ സാക്ഷാൽക്കരിച്ച രവീന്ദ്രനാഥടാഗോർ ഉദ്ബോധിപ്പിച്ചതുപോലെ ''ഭോഗലിപ്സയുടെ അപസ്മാരബാധയും ദുരാഗ്രഹത്തിന്റെ ബീഭത്സതകളുമില്ലാതെ ഭൂമിയെയും അതിന്റെ വിഭൂതികളെയും സ്നേഹിക്കാ''മെന്നു ലോകത്തെ ബോദ്ധ്യപ്പെടുത്തുവാൻ അവർ ശക്തരായിത്തീരട്ടെ എന്നു പ്രാർത്ഥിക്കുന്നു.

---

കുറിപ്പു്: 1975 മാർച്ചിൽ കേരള സാഹിത്യ അക്കാദമിയുടെ സാഹിത്യസെമിനാറിൽ അവതരിപ്പിച്ച പ്രബന്ധം.

Digitized by Kerala Sahitya Akademi